**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189</u>** **<u>07-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികീകരണം</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ സമയ നഷ്ടമില്ലാതെ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള ആധുനികീകരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കികൊണ്ട് ആധാരം മടക്കി നൽകുക എന്ന ലക്ഷ്യം കൈവരിയ്ക്കുന്നതിനായി ആധാര മാതൃകകൾ ലഘൂകരിച്ചുകൊണ്ട് ഓൺലൈൻ സംവിധാനത്തിലൂടെ ആധാരം Template based Registration സംവിധാനം നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. മേൽ പദ്ധതി പ്രകാരം ആധാരകക്ഷികളുടെ ഫോട്ടോയും വിരൽപതിപ്പും കമ്പ്യൂട്ടർ മുഖേന രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. ടി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ ആരംഭിച്ചിരുന്നുവെങ്കിലും, ആയതിൽ ചില പരിഷ്കാരങ്ങളും കൂടി ആവശ്യമായി വന്നതിനാൽ ടി പദ്ധതി താത്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.<br><br>മേൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുമ്പോൾ ആധാര രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ സമയനഷ്ടമില്ലാതെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.<br><br>**<u>സമയനഷ്ടമില്ലാതെ ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള മറ്റ് സേവനങ്ങളുടെ വിവരം</u>**<br><br>1. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ് സൗകര്യം |

2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ സൗകര്യം.

3. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി

5. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ ചെയ്യുന്നതിനുമുള്ള സൗകര്യം

6. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം

7. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം

8. സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക പൂർണ്ണമായും ഓൺലൈൻ സൗകര്യം

9. KSFE-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം

10. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം

11. ഒരു ജില്ലയ്ക്കകത്തുള്ള ഏതു സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ

| | | | |
|---|---|---|---|
| | | | സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റ ചെയ്യുന്നതിനുള്ള 'Anywhere Registration' സംവിധാനം<br><br>12. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായ ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യ നടപ്പിലാക്കുകയുണ്ടായി |
| (ബി) | ഹാജരാക്കുന്ന ദിവസം തന്നെ ആധാരം രജിസ്ട്രേഷൻ പൂർത്തിയാക്കി തിരികെ നൽകുന്നതിനും ആധാര പകർപ്പുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനും സാധ്യമായിട്ടുണ്ടോ; | (ബി) | ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കികൊണ്ട് ആധാരം മടക്ക നൽകുക എന്ന ലക്ഷ്യ കൈവരിക്കുന്നതിനായി ആധാര മാതൃകകൾ ലഘൂകരിച്ചുകൊണ്ട് ഓൺലൈന സംവിധാനത്തിലൂടെ ആധാരം തയ്യാറാക്ക Template based Registration നടപ്പിലാക്കുന്നതിനായി ഭരണാനുമത നൽകിയിരുന്നു. മേൽ പദ്ധതി പ്രകാര ആധാര കക്ഷികളുടെ ഫോട്ടോയും വിരൽ പതിപ്പും കമ്പ്യൂട്ടർ മുഖേന രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. ടി പദ്ധത പരീക്ഷണാടിസ്ഥാനത്തിൽ പട്ടം സബ രജിസ്ട്രാർ ഓഫീസിൽ ആരംഭിച്ചിരുന്നുവെങ്കിലും, ആയതിൽ ചില പരിഷ്കാരങ്ങളും കൂടി ആവശ്യമായ വന്നതിനാൽ ടി പദ്ധതി താത്കാലികമായ നിർത്തി വച്ചിരിക്കുകയാണ്.<br><br>ആധാര പകർപ്പുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുര ജില്ലയിലെ ചാല, കൊല്ലം ജില്ലയിലെ കൊട്ടാരക്കര (പ്രിൻസിപ്പൽ) എന്നീ സബ രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണ പരിപാട നടന്നു വരികയാണ്. |
| (സി) | സബ്‌രജിസ്ട്രാർ ഓഫീസുകളെല്ലാം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഓഫീസുകളുടെ നവീകരണം പൂർത്തിയാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; ഡിജിറ്റൈസേഷൻ പ്രവർത്തനത്തിലെ പുരോഗതി അറിയിക്കാമോ? | (സി) | ഉണ്ട്. സംസ്ഥാനത്തെ 315 സബ രജിസ്ട്രാർ ഓഫീസുകളും നിലവിൽ കമ്പ്യൂട്ടർവൽകരിക്കപ്പെട്ടിട്ടുണ്ട്. ഓഫീസുകളുടെ നവീകരണത്തിന്റെ ഭാഗമായി 37 സബ രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക |

| | | | | |
|---|---|---|---|---|
| | | | | രീതിയിലുള്ള കോംപാക്റ്ററുകൾ ഉൾപ്പെടുത്തി റെക്കാർഡ് റൂമുകൾ നവീകരിയ്ക്കുകയുണ്ടായി. സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 51 കെട്ടിടങ്ങളുടെ നിർമ്മാണ പദ്ധതിയ്ക്കും 1 കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി 100കോടി രൂപ വകയിരുത്തി. ഇതിൽ 32 കെട്ടിടങ്ങളുടെ പണി പൂർത്തിയാകുകയുണ്ടായി. കൂടാതെ ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപണികളും പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണത്തിനും, ഒരു സബ് രജിസ്ട്രാർ ഓഫീസിന്റെ നവീകരണത്തിനും രജിസ്ട്രേഷൻ വകുപ്പിന്റെ തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.<br><br>ഡിജിറ്റൈസേഷൻ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിങ്ങ് (വളരെ പഴയതും പൊടിഞ്ഞുപോയതുമായ ചില രേഖകൾ ഒഴികെ) പൂർത്തിയായിട്ടുള്ളതും, 2005 മുതൽ 2018 വരെയുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിങ്ങ് (വളരെ പഴയതും പൊടിഞ്ഞു പോയതുമായ ചില രേഖകൾ ഒഴികെ) കൊല്ലം, കോട്ടയം, ആലപ്പുഴ, ഇടുക്കി എറണാകുളം എന്നീ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. മറ്റ് ജില്ലകളിൽ മേൽ പദ്ധതി പുരോഗമിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ